II ഇ.ബി. XIII- കേരള നിയമസഭ/XVI-2

# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഫെബ്രുവരി 10, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ അഴിമതിയാരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുവെങ്കിലും ബഹു. സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരായി.)

4 (*61) തൊഴിൽ നിയമങ്ങളുടെ പരിഷ്കരണം

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യ പരിരക്ഷയും തൊഴിൽ സുരക്ഷയും

ഉറപ്പുവരുത്തുന്നതിനായി 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുകയും 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി വേതന സുരക്ഷാ പദ്ധതിക്ക് നിയമസാധുത നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തൊഴിൽ നിയമങ്ങളുടെ കാലോചിതമായ പരിഷ്ക്കരണത്തിനായി ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമ പരിഷ്ക്കരണ സമിതി രൂപീകരിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം പ്ലാന്റേഷൻ തൊഴിലാളികൾക്ക് നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തതോടൊപ്പം അവരെ ഇ.എസ്.ഐ.-യുടെ പരിധിയിൽപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മുൻകാല പ്രാബല്യത്തോടെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനും സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പരിഷ്ക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ ഭേദഗതിയോടെ ടെക്സ്റ്റൈൽ ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങളിൽ മാറ്റംവന്നിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ താമസ സൗകര്യത്തിനായി പാലക്കാട് ജില്ലയിൽ

നടപ്പിലാക്കാനുദ്ദേശിക്കുന്ന 'അപ്നാ ഘര്‍' പദ്ധതി വിജയകരമാകുന്ന പക്ഷം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

5 (*62) <u>പട്ടിക ഗോത്ര വര്‍ഗ്ഗങ്ങള്‍ക്കിടയിലെ ശിശുമരണ നിരക്ക്</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്‍) നല്‍കിയ മറുപടിയില്‍, അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി ആശുപത്രികളുടെയും പി.എച്ച്.സി./സി.എച്ച്.സി.-കളുടെയും പ്രവര്‍ത്തനം ശക്തിപ്പെടുത്തുകയും ഡോക്ടര്‍മാര്‍ അടക്കമുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുകയും കുഞ്ഞുങ്ങളുടെ പോഷണ നിരീക്ഷണത്തിനും ഗര്‍ഭിണികളുടെ നിരീക്ഷണത്തിനുമായി യൂനിസെഫ് സഹായത്തോടെ ജനനി ജാതക് സോഫ്റ്റ്‌വെയര്‍ സംവിധാനം ഏര്‍പ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അട്ടപ്പാടി മേഖലയില്‍ ഗര്‍ഭിണികളുടെ പോഷണക്കുറവ് നേരത്തെയുള്ള പ്രസവം, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറ്, അണുബാധ എന്നിവയും വയനാട് ജില്ലയില്‍ ടി കാരണങ്ങള്‍ക്കൊപ്പം Breast Milk Aspiration (ശ്വാസകോശത്തില്‍ മുലപ്പാല്‍ കയറിയുണ്ടാകുന്ന അപകടം)-നും ഉയര്‍ന്ന ശിശുമരണ നിരക്കിന്

കാരണമായി 2013-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടിക ഗോത്ര മേഖലയിൽ, നിലവിലുള്ള സഞ്ചരിക്കുന്ന ക്ലിനിക്കുകൾക്ക് പുറമേ നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്നീ സർക്കാർ ഏജൻസികൾ വഴി പുതിയ മെഡിക്കൽ യൂണിറ്റുകളും പട്ടികവർഗ്ഗക്ഷേമ വകുപ്പ് വഴി ചില ജില്ലകളിൽ മൊബൈൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഫീൽഡ്തല ആരോഗ്യ പ്രവർത്തകർക്ക് പുറമേ ആശാ വാളണ്ടിയർമാർ, അംഗൻവാടി പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടേഴ്സ്, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ കീഴിൽ 4.33 കോടി രൂപ ചെലവിൽ അട്ടപ്പാടി പാക്കേജ് നടപ്പിലാക്കി വരികയാണ്. 14 ജില്ലകളിലും ഓരോ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കുകയും പെൺകുട്ടികളിലെ അനീമിയ പോലെയുള്ള അസുഖങ്ങൾ പരിഹരിക്കുന്നതിനായി അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ഗവൺമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി ശിശുമരണ നിരക്ക് 2014-ൽ 15-ഉം 2015-ൽ 14-മായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. അട്ടപ്പാടി മേഖലയിൽ ജോലി ചെയ്യുന്ന

ഡോക്ടർമാർക്ക് 20,000 രൂപ വീതം ഇൻസെന്റീവായി നൽകുന്നുണ്ടെന്നും മറ്റ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 698 മുതൽ 1040 വരെയുള്ള ചോദ്യങ്ങളിൽ 53 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *